ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) നടപ്പാക്കി വരുന്നു.

(ബി) 40.

(സി) സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള മഴവെള്ള സംഭരണ പദ്ധതി സഹകരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനായി 9-6-2004-ൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അംഗീകൃത ഏജൻസികളെ ക്കൊണ്ട് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി ഓരോ സഹകരണ സംഘവും അവര വർക്കനുയോജ്യമായ വിധത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള അപേക്ഷ സഹകരണ വകുപ്പിലെ ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിലാക്കാനും, അംഗങ്ങൾക്ക് വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കാനും നിർദ്ദേശിക്കുകയുണ്ടായി. അംഗങ്ങൾക്കു നൽകാവുന്ന പരമാവധി വായ്പത്തുക നിശ്ചയിച്ച് സ്വസ്ഥാപനത്തിൽ നിന്നോ/ഉപരിധന സഹായ സഹകരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാകുന്ന ഫണ്ട് ഉപയോഗിച്ചോ ഈ പദ്ധതി നടപ്പാക്കുന്നതിന് രജിസ്ട്രാറുടെ 24-9-2004-ലെ 39/04 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിസംബർ 2004 വരെ 150 വായ്പകളിലായി 15.25 ലക്ഷം രൂപ 40 സഹകരണ സ്ഥാപനങ്ങൾ മുഖേന നൽകിയിട്ടുണ്ട്.

പുതിയ കായിക പരിശീലന കേന്ദ്രങ്ങൾ

*18 [48] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ജോർജ്ജ് ജെ. മാത്യു:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ (സായി)ക്ക് സംസ്ഥാനത്ത് എത്ര കേന്ദ്രങ്ങളുണ്ട്;

(ബി) ഈ കേന്ദ്രങ്ങളിൽ ഏതെല്ലാം സ്പോർട്ട്സ് ഇനങ്ങൾക്കാണ് പരിശീലനം നൽകി വരുന്നത്;

(സി) സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ പുതിയ കായിക കേന്ദ്രങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ഡി) ഈ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ) 'സായി'-ക്ക് സംസ്ഥാനത്ത് 6 (ആറ്) കേന്ദ്രങ്ങൾ ഉണ്ട്.

(ബി) തിരുവനന്തപുരം: അത്ലറ്റിക്സ്, ജിംനാസ്റ്റിക്സ്, തായ്കോൺഡോ, സൈക്കിളിംഗ്.

കൊല്ലം: അത്ലറ്റിക്സ്, വോളിബോൾ, ഹോക്കി, കബഡി, ബോക്സിംഗ്, ഫുട്ബോൾ.

ആലപ്പുഴ: കനോയിംഗ് ആന്റ് കയാക്കിംഗ്, റോവിംഗ്.

തൃശ്ശൂർ: അത്ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, കബഡി, നീന്തൽ, ജൂഡോ, വെയിറ്റ് ലിഫിറ്റിംഗ്.

തലശ്ശേരി: ജിംനാസ്റ്റിക്സ്, അത്ലറ്റിക്സ്, വോളിബോൾ, തായ്കോൺഡോ, ബാസ്ക്കറ്റ്ബാൾ, ഫെൻസിംഗ്.

കോഴിക്കോട്: വോളിബോൾ, ബാസ്ക്കറ്റ് ബോൾ, അത്ലറ്റിക്സ്.

(സി) ഉണ്ട്. കൊല്ലം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലും 'സായി' പുതിയ കായിക കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) 'സായി' പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ്, സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(i) ഹോസ്റ്റൽ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും;

(ii) തെരഞ്ഞെടുക്കപ്പെടുന്ന ഇനങ്ങൾക്കനുസരിച്ച് കളിസ്ഥലം, ഇൻഡോർ ഹാൾ, നീന്തൽകുളം എന്നിവ;

(iii) ഹോസ്റ്റൽ കെട്ടിടത്തിന്റെ വാർഷിക മെയിന്റനൻസ്;

(iv) സ്ഥലത്തിന്റേയും കെട്ടിടത്തിന്റേയും നികുതി;

(v) സംസ്ഥാന സർക്കാർ 'സായി' യുമായിട്ട് ഒരു കരാർ ഒപ്പിടണം.

'സായി' സ്പെഷ്യൽ ഏരിയാ ഗെയിംസ് സെന്ററിന് സംസ്ഥാന സർക്കാർ ആവശ്യമുള്ള സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കണം. അനുബന്ധ സൗകര്യങ്ങൾ ലഭ്യമല്ലെങ്കിൽ സംസ്ഥാന സർക്കാർ ദീർഘകാല പാട്ട വ്യവസ്ഥയിൽ സ്ഥലം 'സായി'ക്ക് വിട്ടുകൊടുക്കേണ്ടതാണ്. സംസ്ഥാന സർക്കാർ 'സായി'യുമായിട്ട് ഒരു കരാർ ഒപ്പിടണം.

LIBRARY ARCHIVES Kerala Legislative Assembly